AMRITA
VISHWA VIDYAPEETHAM
DEEMED TO BE UNIVERSITY

# 99.9 % സംരക്ഷണവുമായി അമൃത എൻ96 മാസ്ക്കുകൾ

കൊച്ചി● അമൃത വിശ്വ വിദ്യാപീഠം സർവകലാശാലയിലെ സെന്റർ ഫോർ നാനോ സയൻസ് ആൻഡ് മോളിക്യുലാർ മെഡിസിൻ ശാസ്ത്രജ്ഞർ ത്രീ-പ്ലൈ എൻ 96 നാനോ മാസ്ക്കുകൾ പുറത്തിറക്കി.

പരമ്പരാഗത മാസ്ക്കുകളെക്കാൾ കുറഞ്ഞ ചെലവും പരമാവധി സംരക്ഷണവും(99.9%) ശ്വസനക്ഷമതയും വാഗ്ദാനം ചെയ്യുന്നു. 200 രൂപയിൽ താഴെ മാത്രമാണ് വില. 30 തവണ വരെ കഴുകി ഉപയോഗിക്കാം. ഇതിന്റെ സാങ്കേതിക വിദ്യ മറ്റുള്ളവർക്ക് നൽകാൻ തയാറാണെന്ന് സെന്റർ ഫോർ നാനോ സയൻസ് ആൻഡ് മോളിക്യുലാർ മെഡിസിൻ വിഭാഗം ഡീൻ ഡോ.ശാന്തികുമാർ നായർ, ഡോ .ദീപ്തി മേനോൻ, സയന്റിസ്റ്റ് ഡോ.സി.ആർ. രശ്മി എന്നിവർ അറിയിച്ചു.

Malayala Manorama - Kochi (Page 5)
April 16, 2021